പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5036

27-06-2019 ൽ
മറുപടി നൽകേണ്ടത്

## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തിവരുന്ന മുഖ്യസേവനങ്ങൾ വ്യക്തമാക്കാമോ; | (എ) സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള വിവരവിനിമയത്തിന്റെ കണ്ണിയാണ് ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്. സർക്കാരിന് ജനങ്ങളുമായി സംവദിക്കേണ്ട വിവരങ്ങൾ നേരിട്ടും വിവിധ മാധ്യമങ്ങൾ വഴിയും ഫീൽഡ് പബ്ലിസിറ്റി, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ മുഖേനയും സമൂഹത്തിന്റെ താഴെത്തട്ടുവരെ എത്തിക്കുകയും ജനങ്ങളുടെ പ്രതികരണം സർക്കാരിനെ അറിയിക്കുകയുമാണ് വകുപ്പിന്റെ പ്രധാന ചുമതല. സമൂഹവും സർക്കാരും തമ്മിലുള്ള ആശയവിനിമയത്തിന്റെ അർത്ഥവത്തായ പാരസ്പര്യം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഉറപ്പാക്കുന്നു.<br><br>വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളും സേവനങ്ങളും അനുബന്ധം- 1 ആയി ചേർക്കുന്നു. |
| ബി) സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും ഫലപ്രദമായി ജനങ്ങളിലെത്തിക്കാൻ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളും സേവനങ്ങളും

1 സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള ആശയവിനിമയത്തിന്റെ പാലമായി പ്രവർത്തിക്കുക.

2 സർക്കാരിന്റെ നയങ്ങളും, നേട്ടങ്ങളും പരിപാടികളും പ്രചരിപ്പിക്കുക.

3 സർക്കാരിന്റെ വികസനക്ഷേമപ്രവർത്തനങ്ങൾക്ക് പ്രചാരണം നൽകുക. ഇതിനായി അച്ചടി, ദൃശ്യ, ശ്രാവ്യ, നവ മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കുക. ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് നടപ്പാക്കുക.

4 ജനങ്ങളുടെ പ്രശ്നങ്ങളും പ്രതീക്ഷകളും നിർദേശങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക. ഇതിനായി എല്ലാത്തരം പ്രിന്റ്, ആഡിയോ, വീഡിയോ, ഓൺലൈൻ, സോഷ്യൽ മീഡിയ മാധ്യമങ്ങളും നിരീക്ഷിച്ച് ദൈനംദിനം റിപ്പോർട്ട് സമർപ്പിക്കുകയും ഇതിൻമേൽ സർക്കാർ സ്വീകരിക്കുന്ന തുടർനടപടികൾ ജനങ്ങളെ അറിയിക്കുകയും ചെയ്യൽ.

5 സർക്കാരിന്റെ ഔദ്യോഗിക പോർട്ടലിന്റെ ഉള്ളടക്ക പരിപാലനം നിർവഹിക്കുക. ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും വെബ്സൈറ്റുകൾ, ശബരിമല വെബ്സൈറ്റ്, കേരള ന്യൂസ് പോർട്ടൽ തുടങ്ങിയവയുടെ പരിപാലനവും നടത്തിപ്പും, ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും ഓഫീസ് ജീവനക്കാരുടെയും ആസ്തിവിവരങ്ങൾ പ്രസിദ്ധീകരിക്കുന്ന വെബ്സൈറ്റ് പരിപാലനം.

6 സംസ്ഥാന സർക്കാരിന്റെ മുഖമാസികകളായ സമകാലിക ജനപഥം (മലയാളം), കേരള കോളിങ് (ഇംഗ്ളീഷ്) എന്നിവയുടെ പ്രസിദ്ധീകരണം.

7 സാമൂഹികം, വികസനം, ക്ഷേമം, സംസ്കാരം, വിദ്യാഭ്യാസം, സാമൂഹിക വ്യവസ്ഥിതി, എന്നീ വിഷയങ്ങളെയും പരമ്പരാഗത കലകളെയും കുറിച്ച് ലഘുലേഖകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുക.

8 ദൃശ്യകലകളുൾപ്പെടെയുള്ള വിവിധ ആശയവിനിമയ ഉപാധികളുടെ സഹായത്തോടെ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.

9 കേബിൾ ടി.വി. നിയമത്തിലെ വകുപ്പുകളും ചട്ടങ്ങളും ചാനലുകൾ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുക.

10 ഗാന്ധിജയന്തി വാരാചരണം, വായനാദിനാചരണം തുടങ്ങിയവ പ്രധാനപ്പെട്ട ആചരണങ്ങളുടെ സംഘാടനം, സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ.

11 ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ വർഷംതോറും നടത്തുന്ന ഭാരത അന്തർദ്ദേശീയ വ്യാപാര മേളയിൽ കേരള പവിലിയനിൽ പ്രദർശനം ഒരുക്കുക.

12 സംസ്ഥാനത്തിന് പുറത്ത് ചെന്നൈ, മുംബൈ തുടങ്ങിയ പ്രധാന നഗരങ്ങളിൽ വ്യാപാര മേളകളും സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുക.

13 അന്തർ സംസ്ഥാന സാംസ്കാരിക വിനിമയ പരിപാടികളും പബ്ലിക് റിലേഷൻസ് പരിപാടികളും സംഘടിപ്പിക്കുക.

14 സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡൽഹിയിലും ഇൻഫർമേഷൻ ഓഫീസുകളും ഇൻഫർമേഷൻ സെന്ററുകളും പ്രവർത്തിപ്പിക്കുക.

15 തിരുവനന്തപുരത്തെ ടാഗോർ തീയറ്ററിന്റെ നടത്തിപ്പ്

16 കേരള മീഡിയാ അക്കാദമിയുടെ പ്രവർത്തനങ്ങളുടെ സർക്കാരിൽ നിന്നുള്ള ഏകോപനവും ധനസഹായം നൽകലും.

17 സർക്കാരിന്റെ പരസ്യങ്ങൾക്കുള്ള പ്രൊഫഷണൽ പരസ്യ ഏജൻസിയായി പ്രവർത്തിക്കുക.

18 സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന പരസ്യങ്ങൾ ദൃശ്യ-ശ്രാവ്യ-ന്യൂമീഡിയ-അച്ചടി മാധ്യമങ്ങൾക്ക് നൽകുകയും അതിന്റെ പരസ്യക്കൂലി നൽകുകയും ചെയ്യുക. വിവിധ വകുപ്പുകളുടെ ടെണ്ടർ പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകൽ.

19 ബഹു.മുഖ്യമന്ത്രിയുടെ നാം മുന്നോട്ട് എന്ന ഇന്ററാക്ടീവ് പരിപാടി സംഘടിപ്പിക്കുക.

20 ജനപഥം ഉൾപ്പെടെ റേഡിയോ പരിപാടികൾ അവതരിപ്പിക്കുക.

21 ബഹു. മന്ത്രിമാർക്കായുള്ള നവകേരളം, സമകാലീന വാർത്താധിഷ്ഠിത പരിപാടിയായ പ്രിയകേരളം തുടങ്ങിയ ടി.വി പരിപാടികൾ തയ്യാറാക്കി ദൂരദർശൻ, വിവിധ ചാനലുകൾ മുഖേന സംപ്രേഷണം ചെയ്യുക.

22 സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക താൽപര്യങ്ങൾക്ക് അനുയോജ്യമായ ലഘുചിത്രങ്ങൾ, ഡോക്യുമെന്ററികൾ, ഫീച്ചർ ഫിലിമുകൾ എന്നിവ വാങ്ങിയും നിർമ്മിച്ചും പ്രദർശിപ്പിക്കുക.

23 വീഡിയോ ആർക്കൈവ് സജ്ജമാക്കുക.

24 ഫോട്ടോഗ്രാഫി വിഭാഗം പ്രവർത്തിപ്പിക്കുക; സംസ്ഥാനത്തെ പ്രധാന സർക്കാർ പരിപരാടികളുടെ ഫോട്ടോ കവറേജ്, അവ മാധ്യമങ്ങൾക്ക് നൽകൽ, ഫോട്ടോആർക്കൈവ് സജ്ജമാക്കൽ.

25 സർക്കാർ പത്രക്കുറിപ്പുകളിറക്കുകയും സർക്കാർ പത്രസമ്മേളനങ്ങളും മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും പത്രസമ്മേളനങ്ങളുടെ മാധ്യമ ഏകോപനം നിർവഹിക്കുകയും ചെയ്യുക.

26 സർക്കാർ പരിപാടികൾ റിപ്പോർട്ട് ചെയ്യാൻ മാധ്യമപ്രവർത്തകർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുക, അക്രഡിറ്റേഷൻ അനുവദിക്കുക, മാധ്യമപ്രവർത്തകർക്ക് കെ.എസ്.ആർ.ടി..സി ബസ് പാസ് അനുവദിക്കുക

27 സർക്കാരിന്റെ പ്രധാന പരിപാടികളുടെയും പ്രാദേശിക വികസന പ്രവർത്തനങ്ങളുടെയും വീഡിയോ കവറേജ് നടത്തി വീഡിയോ ന്യൂസ്ക്ളിപ്പിങ്ങുകൾ ദൃശ്യ-നവ മാധ്യമങ്ങൾക്ക് നൽകുക.

28 പത്രപ്രവർത്തകർക്കായി പഠനയാത്ര സംഘടിപ്പിക്കുക; അന്തർ സംസ്ഥാനാടിസ്ഥാനത്തിൽ പരസ്പര സന്ദർശനങ്ങൾ ഒരുക്കുക. പ്രസ് ക്ലബുകൾക്കും ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും സഹായം നൽകൽ.

29 മികച്ച മാധ്യമപ്രവർത്തകർക്കും ഫോട്ടോഗ്രാഫർമാർക്കും അവാർഡ് നൽകുക. സ്വദേശാഭിമാനി കേസരി അവാർഡ്, സംസ്ഥാന മാധ്യമ അവാർഡ്, സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് എന്നിവയുടെ നിർണയവും പുരസ്കാരങ്ങൾ നൽകലും.

30 അവശത അനുഭവിക്കുന്ന പത്രപ്രവർത്തകർക്കും ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുക.

31 വിരമിച്ച മാധ്യമപ്രവർത്തകർക്ക് പെൻഷൻ നൽകുക.

32 പ്രഗത്ഭ പത്രപ്രവർത്തകർക്ക് ധന സഹായം നൽകുക.

33 പത്രസ്ഥാപനങ്ങളിലെ നോൺ ജേർണലിസ്റ്റുകൾക്ക് പെൻഷൻ നൽകുക.

34 വിവിധ സ്ഥാപനങ്ങൾക്കാവശ്യമായ ഇൻഫർമേഷൻ എജുക്കേഷൻ കമ്മ്യൂണിക്കേഷൻ സംബന്ധിച്ച ഉപദേശ നിർദേശങ്ങൾ നൽകൽ.

35 ദേശീയവും സംസ്ഥാനത്തിന്റെ സാംസ്കാരികവുമായ മൂല്യങ്ങളുടെ പ്രചാരണം ലക്ഷ്യമാക്കിയുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്ന സന്നദ്ധ സംഘടനകളും സ്ഥാപനങ്ങളുമായി സഹകരണവും ധനസഹായവും നൽകൽ.

36 ദേശീയവും സംസ്ഥാനത്തിന്റെ സാംസ്കാരികവുമായ മൂല്യങ്ങളുടെ പ്രചാരണം ലക്ഷ്യമാക്കി ഡോക്യുമെന്ററികളുടെയും ലഘുചിത്രങ്ങളുടെയും നിർമാണവും പ്രദർശനവും സംഘടിപ്പിക്കൽ.

സെക്ഷൻ ഓഫീസർ

അനുബന്ധം 2

**ബി) സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും ഫലപ്രദമായി ജനങ്ങളിലെത്തിക്കാൻ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ.**

1. സർക്കാർ ദൈനംദിനം നടത്തുന്ന പ്രവർത്തനങ്ങളുടെയും വികസന പരിപാടികളുടെയും വാർത്തകളും ചിത്രങ്ങളും വീഡിയോയും ഡയറക്ടറേറ്റ്, 14 ജില്ലാ ഓഫീസുകൾ, ഡൽഹി ഇൻഫർമേഷൻ ഓഫീസ് എന്നിവ വഴി മാധ്യമങ്ങൾക്കായി നൽകുന്നു. ഇവ വകുപ്പിന്റെ കേരള ന്യൂസ് പോർട്ടലിലൂടെയും പി.ആർ.ഡി ലൈവ് മൊബൈൽ ആപ്ലിക്കേഷൻ, സാമൂഹിക മാധ്യമ അക്കൗണ്ടുകൾ എന്നിവയിലൂടെ ജനങ്ങൾക്കും ലഭ്യമാക്കുന്നു. ശരാശരി നൂറിലേറെ വാർത്തകളും അറിയിപ്പുകളും പ്രതിദിനം നൽകി വരുന്നു.

2. വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളായ ജനപഥം, കേരള കോളിങ് എന്നി വയ്ക്ക് പുറമെ പുസ്തകങ്ങളും ലഘുലേഖകളും പോസ്റ്ററുകളും ആവശ്യാനുസരണം അച്ചടിച്ച് വിതരണം ചെയ്യുന്നു. സർക്കാരിന്റെ ധനസഹായ പദ്ധതികളെല്ലാം ഉൾക്കൊള്ളിച്ചുള്ള പുസ്തകം, സർക്കാരിന്റെ വാർഷികാഘോഷ വേളയിൽ ഇംഗ്ലീഷിലും മലയാളത്തിലും എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള പുസ്തകം, സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ പ്രത്യേകമായി അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

3. മുഖ്യമന്ത്രി പങ്കെടുക്കുന്ന നാം മുന്നോട്ട് ടോക് ഷോ, നവകേരളം, പ്രിയകേരളം എന്നീ ടി.വി ഷോകൾ ദൂരദർശൻ, സ്വകാര്യ ചാനലുകൾ എന്നിവ വഴി സംപ്രേഷണംചെയ്യുന്നു. ജനപഥം റേഡിയോ പരിപാടി ആകാശവാണി വഴി സംപ്രേഷണം ചെയ്യുന്നു. വികസനപരിപാടികൾ സംബന്ധിച്ച വീഡിയോ ചിത്രങ്ങളും ഡോക്യുമെന്ററികളും നിർമിച്ച് പ്രദർശിപ്പിക്കുന്നു.

4. ഫീൽഡ് പബ്ലിസിറ്റി വിഭാഗം പ്രത്യേക കാമ്പയിനുകളും എക്സിബിഷനുകളും സെമിനാറുകൾ ഉൾപ്പെടെ പ്രചാരണ പരിപാടികളും സംഘടിപ്പിക്കുന്നു. മൊബൈൽ എക്സിബിഷൻ യൂനിറ്റ്, വിവിധ ജില്ലകളിലെ വീഡിയോവാളുകൾ എന്നിവ വഴിയും പ്രചാരണം നടത്തുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ ഹോർഡിംഗുകൾ വാടകയ്ക്കെടുത്ത് പ്രചാരണം നടത്തുന്നു. വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ ഭൂമിയിൽ സ്വന്തമായി സ്ഥിരം ഹോർഡിംഗുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ് ബ്രാന്റിംഗ്, ട്രാൻസ്പോർട്ട് ബോട്ടുകളിലെ പരസ്യം, റെയിൽവേ പരസ്യങ്ങൾ എന്നിവയും പ്രചാരണ മാധ്യമങ്ങളായി ഉപയോഗപ്പെടുത്തുന്നു.

5. പത്രങ്ങളിലും ചാനലുകളിലും റേഡിയോകളിലും ഓൺലൈൻ പോർട്ടലുകളിലും തീയറ്ററുകളിലും ആവശ്യമായ സന്ദർഭങ്ങളിലൊക്കെ പരസ്യം നൽകി വരുന്നു. മാഗസിനുകളിൽ പരസ്യത്തിനു പുറമെ ഫീച്ചറുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

6. പ്രാദേശിക വികസന വാർത്തകൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിന് പ്രിസം പദ്ധതിയുടെ ഭാഗമായി പ്രാദേശിക തലത്തിൽ ഇൻഫർമേഷൻ അസിസ്റ്റന്റുമാരെ നിയോഗിച്ച് വാർത്തകൾ ശേഖരിച്ച്

മാധ്യമങ്ങൾക്ക് നൽകുകയും വെബ്പോർട്ടിലിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മൊബൈൽ ജേർണലിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

7. സാംസ്കാരിക പോഷണം, നല്ല ശീലങ്ങൾ സമൂഹത്തിൽ വളർത്തൽ എന്നീ ലക്ഷ്യങ്ങളോടെ ലഹരി, മദ്യം എന്നിവക്കെതിരെയും ഉത്തമമൂല്യങ്ങളുടെ സംരക്ഷിക്കുന്നതിനായി ജലസംരക്ഷണം, ശുചിത്വം തുടങ്ങിയവക്കായുള്ള ബോധവത്കരണത്തിനും സമൂഹത്തിൽ ഒരുമയും സൗഹാർദവും സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങളും പ്രചാരണങ്ങളും നടത്തിവരുന്നു. സാംസ്കാരിക നായകരുടെ ജീവിത സന്ദേശം അടങ്ങിയ ഡോക്യുമെന്ററികൾ നിർമിച്ച് പ്രദർശനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ജീവിത സന്ദേശങ്ങൾ അടങ്ങിയ കലണ്ടറുകളും ആവശ്യമായ സന്ദർഭങ്ങളിൽ അച്ചടിച്ച് വിതരണം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ